39

# നിങ്ങളുടെ ശത്രുവിനെ അറിയുക
## (വെളിപ്പാട് 12:1- 7, 9, 10)

അദ്ധ്യായം 11 ന്റെ അവസാന വാക്യങ്ങളിൽ, ഏഴാമത്തെ കാഹളം ഊതുന്ന ശബ്ദം നാം കേട്ടു; ന്യായവിധിയുടെ സമയം വന്നു. അടുത്തത് ഏഴ് ക്രോധകലശത്തെ പരിചയപ്പെടുത്തും എന്നു നാം കരുതുന്നു, പക്ഷെ ആ പരമ്പര അദ്ധ്യായങ്ങൾ 15 ഉം 16 ഉം വരെ നീണ്ടുപോകുന്നു. അതിനുപകരമായി, അദ്ധ്യായം 12 മുതൽ 14 വരെ ദൈവത്തിന്റേയും ക്രിസ്തുവിന്റേയും ശത്രുവിനെയാണ് പരിചയപ്പെടുത്തുന്നത്.[1] അദ്ധ്യായം 12-ൽ, ഉപദ്രവത്തിനു പിന്നിലുള്ളവനെ നാം കാണുന്നു: പിശാച്. അദ്ധ്യായം 13-ൽ നാം പിശാചിന്റെ രണ്ട് കൂട്ടാളികളെ കാണുന്നു: മൃഗവും കള്ളപ്രവാചകനും. അദ്ധ്യായം 14-ൽ, വഴിപിഴപ്പിക്കുന്ന മഹതിയാം ബാബിലോണിനെ നാം കാണുന്നു.

ഈ പാഠത്തോടുകൂടി, നാം അദ്ധ്യായം 12 ന്റെ പഠനം തുടങ്ങുകയാണ്. അദ്ധ്യായം കേന്ദ്രസ്ഥാനിയമാണ്. ഇവിടെയാണ് വെളിപ്പാടിന്റെ രണ്ടാമത്തെ വിഭജനം എന്ന് പണ്ഡിതന്മാർ പൊതുവിൽ സമ്മതിക്കും. വെളിപ്പാടിലെ ആദ്യ പകുതി റോമും സഭയും തമ്മിലുള്ള എതിർപ്പിനെ കുറിച്ചാണ് വിവരിക്കുന്നത് എങ്കിൽ, രണ്ടാമത്തെ പകുതി രംഗത്തിന് പിന്നിലുള്ള പോരാട്ടമാണ് വിവരിക്കുന്നത്: ക്രിസ്തുവും സാത്താനും തമ്മിലുള്ള ആത്മീയ പോരാട്ടം, നന്മയും തിന്മയും തമ്മിലുള്ള പോരാട്ടം.

ഈ പാഠത്തിന്റെ പ്രാഥമികമായ ഉദ്ദേശം ദൈവത്തിന്റെ മുഖ്യശത്രുവായ, പിശാചിനെ പരിചയപ്പെടുത്തുക എന്നതാണ്. ക്രിസ്ത്യാനികളുടെ കുഴപ്പങ്ങൾക്ക് കാരണം പിശാച് ആണെന്നും - എന്തുകൊണ്ടാണ് സാത്താൻ ക്രിസ്ത്യാനികളെ നിന്ദിക്കുന്നതെന്നും വിവരിക്കുന്നു. "ഞങ്ങളോട് ഇങ്ങനെയെല്ലാം പെരുമാറുന്നതെന്തുകൊണ്ടാണ്?" "അതിനു തക്കതായ എന്തു തെറ്റാണ് ഞങ്ങൾ ചെയ്തത്?" "*റോം* എന്തിനാണ് ഞങ്ങളെ ഇങ്ങനെ ഉപദ്രവിക്കുന്നത്?" എന്നു തുടങ്ങിയ ചോദ്യങ്ങൾ അവർ ചോദിച്ചിരിക്കണം. എന്നാൽ റോമല്ല, *പിശാചാണ്* അവരെ വെറുത്തിരുന്നത് എന്ന് വേദഭാഗം വ്യക്തമാക്കുന്നു. റോം സാത്താന്റെ ഉപകരണം മാത്രമായിരുന്നു.

ഇന്ന്, ക്രിസ്ത്യാനികളായതുകൊണ്ട്, നാം അനീതിയും മോശമായ പെരുമാറ്റവും നേരിടുന്നു. ഈ അദ്ധ്യായത്തിലെ ഉപദേശങ്ങൾ ഒന്നാം നൂറ്റാണ്ടിലെ ദൈവജനത്തോട് സംസാരിച്ചതുപോലെ, നമ്മോടും സംസാരിക്കുന്നു. അദ്ധ്യായം 12 സങ്കീർണ്ണമായതിനാൽ നമുക്ക് അതിൽനിന്ന് മൂന്നു പാഠങ്ങൾ ലഭിക്കുന്നു. ആദ്യത്തെ പാഠം, ആദ്യ ആറു വാക്യങ്ങളെ ആസ്പദമാക്കിയുള്ളതാണ്, അതിൽ നാം സാത്താനെ പരിചയപ്പെടുത്തുന്നു. ശത്രുവെ തോൽപിക്കുവാൻ, ആദ്യം നാം ശത്രുവിനെ അറിയണം എന്ന് പ്രാകൃത യുദ്ധങ്ങളെ കുറിച്ച് പ്രതിപാദിക്കുന്ന പുസ്തകങ്ങൾ പറയുന്നു. അന്നത്തേതിൽനിന്ന് ഒട്ടും കുറവല്ല നാം ഇന്നു നേരിടുന്ന ആത്മീയ പ്രതിസന്ധി (എഫെസ്യർ 6:11-18).

## പ്രബലനായ ഒരു ശത്രു (12:1-4)

### ശത്രുവിന്റെ ഉന്നം: സ്ത്രീ (വാ. 1, 2)

വേദഭാഗം തുടങ്ങുന്നു, "സ്വർഗത്തിൽ വലിയോരു അടയാളം കാണായി" (വാ. 1). അപ്പൊസ്തലനായ യോഹന്നാന് ഇഷ്ടപ്പെട്ട വാക്കായിരുന്നു, "അടയാളം"; അത് യോഹന്നാന്റെ ലേഖനങ്ങളിൽ പലപ്രാവശ്യവും വെളിപ്പാടിൽ ഏഴ് പ്രാവശ്യവും കാണുന്നു.[2] "അടയാളം" എന്നതിന് ഗ്രീക്ക് വാക്ക് തർജിമ ചെയ്തതിന്റെ അർത്ഥം, "അതിശയിപ്പിക്കുന്ന, ഓരോ പ്രമുഖമായതും, തികച്ചും അടയാളപ്പെടുത്താവുന്ന ഒന്ന്" "പ്രകൃതിദത്തമായ സാധാരണ ഒന്ന്, മാറി അസാധാരണ മാകുന്ന" എന്നെല്ലാമാണ്.[3] എൻഐവിയിൽ "ഒരു വലുതും മനോഹരവുമായ അടയാളം" എന്നാണ്.

സ്വർഗത്തിലാണ് "അടയാളം" ദൃശ്യമായത്. "സ്വർഗം" എന്നത് സന്ദർഭത്തിൽ, ദൈവം വസിക്കുന്ന സ്ഥലമല്ല സൂചിപ്പിക്കുന്നത്, മറിച്ച് "ആകാശത്തിലെ നക്ഷത്രങ്ങളുടെ കാഴ്ച്ചയാണ്" ഉദ്ദേശിച്ചത് (വാ. 4) - മറ്റൊരു വാക്കിൽ പറഞ്ഞാൽ, ആകാശം. ഡബ്ലിയു. ബി. വെസ്റ്റ് എഴുതി, "യോഹന്നാൻ സ്വർഗത്തിൽ വലിയോരു അടയാളം കണ്ടു, അത്, അയാളുടേയും നമ്മുടെ എല്ലാവരുടേയും മുകളിലുള്ള ആകാശമായിരുന്നു."[4] നക്ഷത്രനിബിഢമായ ആകാശത്തിൽ മഹത്തായ രൂപങ്ങളുള്ള ഒരു തിരശീലയായിരുന്നു യോഹന്നാൻ കണ്ടത്.[5]

യോഹന്നാൻ കണ്ട "വലിയോരു അടയാളം" ഇതായിരുന്നു: "സൂര്യനെ അണിഞ്ഞോരു സ്ത്രീ, അവളുടെ കാൽക്കീഴ് ചന്ദ്രനും അവളുടെ തലക്കൽ പന്ത്രണ്ട് നക്ഷത്രങ്ങൾ കൊണ്ടുള്ള കിരീടവും" (വാ. 1). സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ[6] എന്നീ അലങ്കാരങ്ങളെ കുറിച്ച് സാധ്യതയുള്ള പല സങ്കൽപങ്ങളും നടത്തിയിട്ടുണ്ട്; എന്നാൽ സാധാരണ പോലെ, മൊത്തത്തിലുള്ള പ്രതീതി പ്രാധാന്യമുള്ളതുമാണ്.[7] ആകാശത്തിൽ സ്ത്രീ പ്രത്യക്ഷപ്പെട്ട രംഗം ഒന്ന് ഊഹിക്കുക; സൂര്യപ്രകാശകിരണങ്ങൾ കൊണ്ടുള്ള, ഉടുപ്പു ധരിച്ചിരുന്നു. വെള്ളനിറവും ചുവന്ന തീയുടെ നിറവുമുള്ള നക്ഷത്രങ്ങൾ അവളുടെ തലക്ക് കിരീടം ആയിരുന്നു. അവളുടെ കാൽ ചന്ദ്രനിൽ പതിച്ചിരുന്നു,[8] അവൾ വിസ്മയവും, ശോഭയും, പ്രൗഢിയുള്ളവളുമായിരുന്നു![9]

എങ്കിലും, അവൾ വഴങ്ങുന്നവളായിരുന്നു - ഒരു സ്ത്രീക്ക് വഴങ്ങാവുന്ന നിലയിൽ - കാരണം "അവൾ ഗർഭിണിയായി, നോവു കിട്ടി വേദനപ്പെട്ടു നിലവിളിച്ചു" (വാ. 2). ശിശു ജനിച്ച ഓരോ സ്ത്രീക്കും (ഈറ്റു നോവ് അനുഭവപ്പെടുമ്പോൾ, അതിനടുത്ത് നിന്ന ഓരോ ഭർത്താവിന്നും) ഈ ഒരു ഭാവന മനസിലാക്കാവുന്നതാണ്. പ്രസവിക്കുന്ന ഒരു സ്ത്രീയുടെ ചിന്തയും ശക്തിയും മറ്റൊന്നിനുമില്ല. പ്രസവിച്ച സമയത്ത് അവളെ ആക്രമിച്ചാൽ അവൾ പ്രതിരോധത്തിന് സ്വയം അശക്തയായിരിക്കും.

ആ സ്ത്രീക്ക് വരുവാനിരിക്കുന്ന അപകടം നാം നോക്കുന്നതിനു മുൻപ്, (വാ. 3) "സൂര്യനെ അണിഞ്ഞും, നക്ഷത്രങ്ങൾ കിരീടമാക്കിയും കാൽക്കീഴ്-ചന്ദ്രനും"[10] എന്നത് തിരിച്ചറിയണം. അവൾ ആരാണ് അല്ലെങ്കിൽ എന്താണ് എന്നുള്ളതിനെ സംബന്ധച്ച് വിവാദങ്ങൾ ഉയർന്നിട്ടുണ്ട്[11] അവളുടെ ശിശുവിനെ 12:5-ൽ ക്രിസ്തുവായി തിരിച്ചറിയുകയും, "സഭയുടെ മദ്ധ്യ കാലഘട്ടത്തിൽ അവളെ പലരും യേശുവിന്റെ അമ്മ മറിയയായി കരുതുന്ന വ്യാഖ്യാനം കത്തോലിക്കാ പാരമ്പര്യത്തിൽ ഇപ്പോഴും ഉണ്ട്."[12] വാക്യങ്ങൾ 1 ഉം 2 ഉം

മാത്രം നോക്കിയാൽ, നാം ആ വ്യാഖ്യാനത്തോട് യോജിച്ചേക്കാം, എന്നാൽ സന്ദർഭത്തിലെ സ്ത്രീ ഒരു പ്രത്യേക വ്യക്തിയാണ്. വില്യം ബാർക്ലെ ചൂണ്ടിക്കാട്ടി, “അവൾ ഏതൊരു മാനുഷ്യ സ്ത്രീയെക്കാളും പ്രയാസമായ ഒരു അമാനുഷ ചിത്രമാണ് വ്യക്തമാക്കുന്നത്”.[13] പിന്നീട്, സ്ത്രീയെ എല്ലാ ക്രിസ്ത്യാനികളുടേയും മാതാവായി ചിത്രീകരിച്ചിരിക്കുന്നു (12:17). ആ സൂചന മറിയക്ക് ഒരിക്കലും യോജിക്കുന്നതല്ല.

സ്ത്രീ ഒരു വ്യക്തി അല്ലാതിരിക്കയാൽ, പലരും അവൾ “വിശ്വസ്ത യിസ്രായേൽ,” ആണെന്നു പറഞ്ഞു വിശ്വസ്തരായ ഭൗതീക യിസ്രായേൽ ദേശത്ത് ആണെന്നു സൂചിപ്പിക്കുന്നു. യിസ്രായേലിനെ ദൈവം ഒരു ദേശമായി വേർതിരിച്ചു നിർത്തിയത് മശിഹ ലോകത്തിലേക്ക് വരുന്നതിനു വേണ്ടിയായിരുന്നു (മീഖാ 5:2). യിസ്രായേലിനെ ദൈവത്തിന്റെ മണവാട്ടിയായും ഗർഭിണിയായും ഉപമിച്ചിരുന്നു (യെശയ്യാവ് 9:6; മീഖാ 4:9, 10.) സ്ത്രീയുടെ സ്വർഗ്ഗീയമായ ഭാവം നമ്മെ യോസേഫ്, യാക്കോബിന്റെ കുടുംബത്തെ/യിസ്രായേലിനെ കുറിച്ച് കണ്ട സ്വപ്നമാണ് ഓർപ്പിക്കുന്നത് (ഉല്പത്തി 37:9–11). പന്ത്രണ്ട് നക്ഷത്രങ്ങൾ പന്ത്രണ്ട് പിതാക്കന്മാരെയാണ് പ്രതിനിധീകരിക്കുന്നത്.

യേശുവിന്റെ ജനനത്തിനു മുമ്പുള്ള സംഭവത്തെക്കുറിച്ച് വ്യാഖ്യാനിക്കുന്നത് കുഴപ്പമില്ല എന്നാൽ അവനെ “ദൈവത്തിലേക്ക് എടുത്തു” എന്നതിനു ശേഷമുള്ളതാണ് അകന്നു പോയിരിക്കുന്നത് (12:5). ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണശേഷം സർപ്പം സ്ത്രീയെ ഉപദ്രവിക്കുകയും (12:13); സ്വർഗ്ഗാരോഹണശേഷമുള്ള ചരിത്ര വസ്തുത ഉപദ്രവിച്ചത് യിസ്രായേൽ ആയിരുന്നു, ഉപദ്രവിക്കപ്പെട്ടത് ജഡീക യിസ്രായേൽ ആയിരുന്നില്ല (2:9; 3:9). കൂടാതെ, ശിശുവിനെ “എടുക്കപ്പെട്ടശേഷം,” സ്ത്രീയെ ദൈവം സംരക്ഷിച്ചു (12:6, 14–16), ജഡീകയിസ്രായേലിന് ദൈവം പുതിയ നിയമത്തിൽ പ്രാധാന്യമൊന്നും നൽകുന്നില്ല (റോമർ 2:28, 29; 10:12; ഗലാത്യർ 3:26–29).

വാക്യം 5നു ശേഷം സ്ത്രീ സഭയാണെന്ന് വ്യക്തമായി തോന്നുന്നു. വെളിപ്പാട് മുഴുവനും, ഉപദ്രവിക്കപ്പെടുന്ന സഭയും ദൈവത്താൽ സംരക്ഷിക്കപ്പെടുന്നതും സഭയാകുന്നു. അതുകൊണ്ട് “ഏറ്റവും പുരാതന വ്യാഖ്യാതാക്കൾ യോഹന്നാന്റെ വെളിപ്പാടിലെ സ്ത്രീ സഭയാണെന്നു പറഞ്ഞിരിക്കുന്നു.”[14] എങ്ങനെയായാലും ആ തിരിച്ചറിവ് അദ്ധ്യായത്തിലെ ആദ്യത്തെ 5 വാക്യങ്ങളിൽ ഒരു പോരാട്ടം ഉള്ളതായി തോന്നിയേക്കാം, അവിടെ സ്ത്രീ ശിശുവിന് ജന്മം കൊടുത്തതായിട്ടാണ് പറയുന്നത്. സഭയല്ല യേശുവിന് ജന്മം നല്കിയത്; മറിച്ച് യേശുവാണ് സഭക്ക് ജന്മം നൽകിയത് (മത്തായി 16:18, 19).

മാറിക്കൊണ്ടിരിക്കുന്ന അലങ്കാരങ്ങൾ പ്രത്യേകിച്ച് സ്ത്രീയെ സംബന്ധിച്ച് വെളിപ്പാട് പുസ്തകത്തിൽ അന്യമല്ല. ആദ്യം ഒന്നിനെ പ്രതിനിധീകരിക്കുകയും പിന്നെ മറ്റൊന്നിനെ പ്രതിനിധീകരിക്കുകയാണ്. ഒരു പക്ഷെ ബുദ്ധിമുട്ട് പരിഹരിക്കുവാനുള്ള എളുപ്പവഴി പഴയനിയമത്തിലെ ജഡീക യിസ്രായേലും പുതിയ നിയമത്തിലെ ആത്മിയ യിസ്രായേലും തമ്മിലുള്ള ബന്ധം ഓർമ്മിക്കുകയാണ്. യിസ്രായേലിനു വേണ്ടിയുള്ള ദൈവത്തിന്റെ ഉദ്ദേശം സഭയിൽ നിവർത്തിക്കുകയായിരുന്നു എന്ന് കഴിഞ്ഞ പാഠത്തിൽ നാം ശ്രദ്ധിച്ചു.[15] പഴയനിയമത്തിൽ പറഞ്ഞിരിക്കുന്ന യിസ്രായേൽ എന്നവാക്ക് ഇപ്പോൾ സഭയെയാണ് ഉദ്ദേശിക്കുന്നത്. “ദൈവത്തിന്റെ സ്വന്ത ജനവും” (എഫെസ്യർ 1:14) ദൈവത്തിന്റെ “വിശുദ്ധ വംശവും” ആണ് (1 പത്രൊസ് 2:9). അബ്രഹാം ഇപ്പോൾ “വിശ്വസിക്കുന്ന എല്ലാവരുടേയും പിതാവാണ്” (റോമർ 4:11); സഭയെ

“ദൈവത്തിന്റെ യിസ്രായേൽ” എന്നും വിളിച്ചിരിക്കുന്നു (ഗലാത്യർ 6:16); “വാസ്തവത്തിലുള്ള പരിഛേദന” ഏറ്റവർ “ദൈവത്തിന്റെ ആത്മാവുകൊണ്ട് ആരാധിക്കുകയും ക്രിസ്തുയേശുവിൽ പ്രശംസിക്കുകയും ജഡത്തിൽ ആശ്രയിക്കാതിരിക്കുകയും ചെയ്യുന്ന നാം തന്നേ” (ഫിലിപ്പിയർ 3:3). അതുകൊണ്ട് സ്ത്രീ എന്ന് പറഞ്ഞിരിക്കുന്ന വാക്കായ “യിസ്രായേൽ” – യേശുവിന്റെ ജനനത്തിനു മുമ്പ്, അവൾ *ജഢീക യിസ്രായേൽ* ആയിരുന്നു, സ്വർഗ്ഗാരോഹണ ശേഷം, അവൾ *ആത്മീയ യിസ്രായേൽ* ആയ, സഭയും ആണ്.

ലിയോൺ മോറിസ് പറഞ്ഞു “പഴയ നിയമത്തിലെ യിസ്രായേലിൻെറ തുടർച്ചയാണ് സഭ എന്ന്, വാസ്തവത്തിലുള്ള യിസ്രായേലിന്റെ പ്രാധാന്യം ആദിമ ക്രിസ്ത്യാനികൾ മനസിലാക്കിയിരുന്നു.”[16] “ഇരു നിയമത്തിൻകീഴിലുള്ള ദൈവ ജനം,” ആയിട്ടാണ് എഡ്വേഡ് മേയേഴ്സ് സ്ത്രീയെ തിരിച്ചറിഞ്ഞത്,[17] എന്നാൽ ബ്രൂസ്മെറ്റ്സ്ജർ അവളെ വിളിച്ചത് “ആദ്യം അതിന്റെ യഹൂദ രൂപത്തിലും, ... പിന്നെ അതിന്റെ ക്രിസ്തീയ രൂപത്തിലും, യോജിച്ച ദൈവത്തിന്റെ ജനമായ സമൂഹം” എന്നാണ്.[18]

സ്ത്രീ ആരെ പ്രതിനിധീകരിക്കുന്നു എന്നതിനുള്ള ന്യായമായ വിശദീകരണമാണ് ഇതെന്ന് ഞാൻ കരുതുന്നു. എന്നാൽ കൃത്യമായ തിരിച്ചറിവ് അപ്രസക്തമാണെന്ന് പെട്ടെന്നു പറയട്ടെ. അവൾക്കും സർപ്പത്തിനും ഉള്ള അന്തരമാണ് കൂടുതൽ പ്രാധാന്യമുള്ളത് സ്ത്രീ സുന്ദരിയായതുകൊണ്ടും ആ വികൃതജീവി വീഴുന്നതിനു മുമ്പ് സ്നേഹമുള്ളതായിരുന്നു.[19]

**ശത്രുവിന്റെ ഗുണങ്ങൾ: സർപ്പം (വാ. 3, 4)**

> സ്വർഗ്ഗത്തിൽ മറ്റൊരു അടയാളം കാണായി: ഏഴുതലയും പത്തുകൊമ്പും തലയിൽ ഏഴു രാജമുടിയുമായി തീ നിറമുള്ളോരു മഹാ സർപ്പം. അതിന്റെ വാൽ ആകാശത്തിലെ നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ[20] വലിച്ചുകൂട്ടി ഭൂമിയിലേക്കു എറിഞ്ഞുകളഞ്ഞു. പ്രസവിപ്പാറായ സ്ത്രീ പ്രസവിച്ച ഉടനെ കുട്ടിയെ തിന്നുകളവാൻ മഹാസർപ്പം അവളുടെ മുമ്പിൽ നിന്നു (വാ. 3, 4).

ആ മറഞ്ഞിരിക്കുന്ന ജന്തുവിനെ നിങ്ങളുടെ മനസിലേക്കു കൊണ്ടു വരുന്നതിന്, ആദ്യം നിങ്ങളുടെ ബാല്യത്തിൽ വായിച്ചിട്ടുള്ള കെട്ടു-കഥകളിലെ സർപ്പങ്ങളുടെ ചിത്രം നിങ്ങളുടെ ഉള്ളിൽ നിന്നു നീക്കിക്കളയുക. എന്നിട്ട്, ഏഴു-തലകളുള്ള ഭീമാകാരമായ ഒരു ജലജന്തുവിനെ മനസ്സിൽ കൊണ്ടുവരിക.[21]

സ്ത്രീയെ തിരിച്ചറിയേണ്ടതിന്, നമുക്കു വിദ്യാഭ്യാസപരമായ ഊഹം നടത്തേണ്ടതായിട്ടുണ്ട്, എന്നാൽ സർപ്പത്തെക്കുറിച്ചുള്ള ഊഹം അനാവശ്യമാണ്. 12:9-ൽ അവനെ തിരിച്ചറിയുന്നത് “ലോകത്തെ മുഴുവൻ വഞ്ചിച്ച, സാത്താനും പിശാചുമായ പഴയ പാമ്പ്” ആയിട്ടാണ് (20:2 നോക്കുക).

സർപ്പത്തിന്റെ വിവരണങ്ങളെ സംബന്ധിച്ച് മറഞ്ഞുകിടക്കുന്ന അർത്ഥം കണ്ടുപിടിക്കുവാൻ വ്യാഖ്യാതാക്കൾ പരിശ്രമിക്കുന്നു,[22] എന്നാൽ അടിസ്ഥാനപരമായി നമ്മുടെ അപകടകരമായ ശത്രുവിന്റെ ചിത്രത്തോട് നിസാരമായ ഓരോ വശവും കൂട്ടിച്ചേർക്കുകയാണ് ചെയ്യുന്നത്.[23]

അവൻ *ഒരു സർപ്പമാണ്*: “അപ്പോക്കാലിപ്റ്റിക് സാഹിത്യത്തിൽ – ബൈ

ബിൾ സംബന്ധവും അല്ലാത്തതു - മായ സർപ്പം ഒരുപക്ഷെ എല്ലാം പ്രതിനി ധാനം ചെയ്യുന്നത് തിന്മയെ ആകാം.[24] എല്ലാ തിന്മകൾക്കുമായിട്ടാണ് അവൻ നിൽക്കുന്നത്, കപടവും, നശിപ്പിക്കുന്നതും, ദൈവത്തോട് എതിർക്കുന്നതു മാണ്."[25]

അവൻ ഒരു *ചുവന്ന* സർപ്പമാണ്: അവന്റെ ചുവന്ന രക്ത - നിറം സൂചി പ്പിക്കുന്നത് അവന്റെ കൊല്ലുവാനുള്ള ആസക്തിയേയും (6:4) അവന്റെ പാ പസ്വഭാവത്തേയുമാണ് (യെശയ്യാവ് 1:18).

അവൻ *ഏഴു-തലയുള്ള*[26] ഒരു സർപ്പമാണ്: ഏഴു തലകൾ ഒരുപ ക്ഷെ സൂചിപ്പിക്കുന്നത് അവന്റെ വലിയ കൗശലവും സൂത്രവും ആകാം (2 കൊരിന്ത്യർ 11:3).[27] അവനെ നശിപ്പിക്കുവാൻ പ്രയാസമാണ് എന്ന് അവന്റെ പത്ത് തലകൾ സൂചിപ്പിക്കുന്നു.[28]

അവൻ *പത്ത്-കൊമ്പുള്ള*[29] ഒരു സർപ്പം ആണ്: കൊമ്പുകൾ ശക്തിയെ യാണ് സൂചിപ്പിച്ചിരുന്നത്. പത്തുകൊമ്പുള്ളതു അവന്റെ വലിയ ശക്തിയെ കാണിക്കുന്നു.[30]

അവൻ *ഏഴ്-കിരീടമുള്ള* ഒരു സർപ്പം ആണ്: "... അവന്റെ തലയിൽ ഏഴു രത്നങ്ങൾ ഉണ്ടായിരുന്നു." "ഡയഡെം" എന്നത് ഗ്രീക്ക് ലിപിമാറ്റിയ വാക്കാ ണ്, "വാഴുന്ന കിരീടം" (*സ്തെഫാനോസി*ന്റേത് അതിനു പകരം വിജയ കി രീടം ആയിരുന്നു).[31] മഹാ സർപ്പത്തിന്റെ വലിയ അധികാരത്തെയാണ് ഏഴു കിരീടങ്ങൾ സൂചിപ്പിക്കുന്നത്.[32]

അവൻ ഒരു *മഹാ*സർപ്പം ആണ്: "അവന്റെ വലിയ ആകാരം പറയു ന്നത് ആകാശത്തിൽ കുനിയുവാനും അവന്റെ വാൽ കൊണ്ടു മൂന്നിലൊന്നു നക്ഷത്രങ്ങളെ ചുരുട്ടിക്കൂട്ടി ഭൂമിയിലേക്ക് എറിയുവാനും കഴിഞ്ഞിരുന്നു എന്നാണ്"[33] ആ വസ്തുതയിൽ ചിലർ അലങ്കാര പ്രാധാന്യം കാണുന്നു,[34] എന്നാൽ അത് ഒരുപക്ഷെ, "പേശികൾ[35] പ്രകടിപ്പിക്കുന്നതിലധികമായിരി ക്കയില്ല." തീർച്ചയായും, നശിപ്പിക്കുവാനാകാത്ത ശത്രു എന്നാണ് അത് പ്ര കടമാക്കുന്നത്.

ഒരിക്കൽ കൂടെ വിശദാംശങ്ങളിൽ കുടുങ്ങിപ്പോകരുത് എന്ന് ഓർപ്പി ക്കട്ടെ. വാക്യങ്ങൾ 1 മുതൽ 4 വരെ നിങ്ങൾ വായിക്കുമ്പോൾ അന്തരങ്ങളിൽ ശ്രദ്ധിക്കുക: ഒരു ഭാഗത്ത് നിസഹായയായ സ്ത്രീ, മറുഭാഗത്ത്, ഉയർന്ന്, പല-തലകളുള്ള, ഭയപ്പെടുത്തുന്ന-ഭീമാകാരമായ ജന്തുവിന്റെ സർപ്പക്കണ്ണുകൾ പ്ര സവിക്കാറായ സ്ത്രീയിൽ പതിച്ചിരിക്കുന്നു.[36] (ഈ പാഠത്തിന്റെ അവസാനം വരുന്ന "ശിശുവോടുകൂടിയ സ്ത്രീക്ക് എതിരായി ചുവന്ന സർപ്പം" എന്ന ചിത്രീ കരണം നോക്കുക.) നിസഹായതയും കീഴ്പ്പെടുത്തലും തമ്മിലുള്ള അന്തരം എപ്പോഴെങ്കിലും എടുത്തു കാണിക്കുവാൻ കഴിഞ്ഞുവെങ്കിൽ, അത് ഇതാണ്! സ്ത്രീക്കും ശിശുവിനും രക്ഷപ്പെടുവാനുള്ള ഒരവസരവുമില്ല എന്ന് ആ രംഗം കാണുന്ന സാധാരണ വ്യക്തികൾ പറയും. മേൽപറഞ്ഞ തീർപ്പാണ് ഫലം.

### ഭയാനകമായ ഒരു ശത്രു (12:7, 9, 10)

ആ പ്രവൃത്തികൾ ഞാൻ അവിടെ ഒരു നിമിഷം നിർത്തിയിട്ട്, "ചുവന്ന മഹാ സർപ്പത്തെ" വലുതാക്കി അവസാനി-പ്പിക്കുവാൻ നോക്കുകയാണ്. ഒരു യുദ്ധത്തിലെ ശത്രുവിനെ അറിയുക എന്നതാണ് ആദ്യ ദൗത്യം എന്നോർക്കുക, നമ്മെ നശിപ്പിക്കുന്നവനെ കുറിച്ച് കൂടുതലായി പറഞ്ഞിരിക്കുന്നത് അദ്ധ്യായം 12 ലാണ്. "തിരുവെഴുത്തിൽ മറ്റു വേദഭാഗങ്ങളിലേതിനേക്കാൾ ഈ അദ്ധ്യാ

യത്തിൽ, കൂടുതൽ പേരുകൾ പിശാചിന് നൽകിയിരിക്കുകയാണ്."[37] വാക്യങ്ങൾ, 7, 9, 10 നോക്കിയാൽ, അവിടെ സാത്താനെയും അവന്റെ പ്രവൃത്തികളെയും കുറിച്ച് വിശദമാക്കുന്നു.

**നിങ്ങളുടെ ശത്രുവിനെ കുറച്ച് കാണരുത്**

വാക്യങ്ങൾ 7 മുതൽ 9 വരെ പറയുന്നത്, പിശാചിന്, അവന്റെ നിയന്ത്രണത്തിലുള്ള ദൂതന്മാരുണ്ട് എന്നാണ്, അവർ അവന്റെ സന്ദേശവാഹകരാണ്. (മത്തായി 25:41.)

വാക്യങ്ങൾ 9 ഉം 10 ഉം നമുക്ക് ധാരാളം സ്ഥാനപ്പേരുകൾ നൽകുന്നു. അവനെ ആദ്യം പഴയ പാമ്പ് എന്നു പറഞ്ഞിരിക്കുന്നു (വാ. 9). ഇത് നമ്മെ ഓർപ്പിക്കുന്നത്, ഉൽപത്തി 3-ൽ ഹവ്വയെ അനുസരണക്കേടിന് പ്രലോഭിപ്പിച്ചത് സാധാരണ പാമ്പായിരുന്നില്ല, പിശാചായ പാമ്പായിരുന്നു എന്നതാണ്.[38] പാപം ലോകത്തിൽ കൊണ്ടുവന്ന എല്ലാ വേദനയും ഹൃദയാഘാതങ്ങളെയും കുറിച്ച് ചിന്തിക്കുക. അതിന്റെ ഏക ഉത്തരവാദി സാത്താനായിരുന്നു.

സർപ്പത്തെയും "പിശാച്" എന്നു വിളിച്ചിരിക്കുന്നു.[39] "പിശാച്" എന്ന വാക്ക് തർജിമ ചെയ്ത ഗ്രീക്ക് വാക്ക് *ഡയബോളോസ്* എന്നാണ്, അർത്ഥം, "കുറ്റാരോപകൻ," "ദൂഷകൻ"[40] എന്നാണ്. വാക്യം 10-ൽ അവനെ "രാപ്പകൽ ദൈവസന്നിധിയിൽ സഹോദരന്മാരെ ... കുറ്റം ചുമത്തുന്ന അപവാദി" എന്നാണ് വിളിച്ചിരിക്കുന്നത്. ഇതിനെ കുറിച്ചുള്ള ഏറ്റവും നല്ല വ്യാഖ്യാന ഗ്രന്ഥമായിരിക്കാം ഇയ്യോബിന്റെ പുസ്കത്തിലെ ആദ്യത്തെ രണ്ട് അദ്ധ്യായങ്ങൾ, അവിടെ ഇയ്യോബ് ദൈവഭക്തനായിരിക്കുന്നത്, ഗൂഢലക്ഷ്യം നിമിത്തമായിരുന്നു എന്നതായിരുന്നു പിശാചിന്റെ ആരോപണം. (സെഖര്യാവ് 3:1 നോക്കുക.) "ക്രിസ്തീയ സ്വഭാവത്തിലെ കുറവ് കണ്ടെത്തി, വിശ്വാസികളായവരെ തിരുത്തുവാനല്ല, കുറ്റപ്പെടുത്തുവാനാണ് പിശാച് ശ്രമിക്കുന്നത്"[41] എന്നാണ് മെറിൽ സി. ടെനി നീരീക്ഷിച്ചത്. നമുക്ക് എല്ലാവർക്കും നമ്മുടേതായ ചുളിവുകളും ബലഹീനതകളുള്ളതുകൊണ്ട് (എഫെസ്യർ 5:27; റോമർ 3:23 നോക്കുക), നമ്മെ ഓരോരുത്തരേയും കുറിച്ച് കുറ്റം ചുമത്തുവാൻ ബുദ്ധിമുട്ടുണ്ടാകയില്ല.[42]

അടുത്തതായി, സർപ്പത്തെ "സാത്താൻ" എന്നു വിളിച്ചിരിക്കുന്നു (വാ. 9). *സടാനസ്* എന്ന ഗ്രീക്ക് വാക്ക് ലിപി മാറ്റി ഉപയോഗിച്ച വാക്കാണ് "സാത്താൻ" എന്നത്, അതിനർത്ഥം "പ്രതിയോഗി" എന്നാണ്.[43] സാത്താനാണ് നമ്മുടെ എതിരാളിയും, ശത്രുവും, പ്രതിയോഗിയും.

സർപ്പത്തിന്റെ പ്രവൃത്തിയെ കുറിച്ച് പറയുന്നത്, "ലോകത്തെ മുഴുവൻ വഞ്ചിക്കുന്നവൻ" എന്നാണ് (വാ. 9). അവന്റെ പ്രവൃത്തിയെ കുറിച്ച് വിവരിക്കുന്നത് വഞ്ചകനായിട്ടാണ് (യോഹന്നാൻ 8:44; 2 കൊരിന്ത്യർ 4:4; 11:14). അവൻ യൂദയെ വഞ്ചിച്ചു (യോഹന്നാൻ 13:2, 27; ലൂക്കൊസ് 22:3), അവൻ പത്രൊസിനെ വഞ്ചിക്കുവാൻ ശ്രമിച്ചു (ലൂക്കൊസ് 22:31). അവൻ അനന്യാസിനേയും സഫീരയേയും വഞ്ചിച്ചു (പ്രവൃത്തികൾ 5:3), നമ്മെ എല്ലാവരേയും അവൻ വഞ്ചിക്കുവാൻ ശ്രമിക്കും (മത്തായി 13:39; ലൂക്കൊസ് 8:12; എഫെസ്യർ 6:11; 2 കൊരിന്ത്യർ 2:11).

അവൻ അന്ധവിശ്വാസികളുടെ മനസിൽ, വെറുമൊരു ഇതിഹാസമാണെന്നത് "സങ്കീർണ്ണമാക്കി" ബോധ്യപ്പെടുത്തുന്നതാണ് സാത്താന്റെ ഏറ്റവും വലിയ വിജയം. അത് സത്യമാണെന്ന് വിശ്വസിച്ചേക്കാമെങ്കിലും

അത് വാസ്തവമല്ല. ബൈബിൾ ഇപ്പോഴും നമ്മെ മുന്നറിയിക്കുന്നു, “നിർമ്മദരായിരിപ്പിൻ, ഉണർന്നിരിപ്പിൻ, നമ്മുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്ന പോലെ ആരെ വിഴുങ്ങേണ്ടു എന്ന് തിരഞ്ഞു ചുറ്റി നടക്കുന്നു” (1 പത്രൊസ് 5:8). നാം നമ്മുടെ ശത്രുവിനെ അവഗണിക്കുകയോ വിലകുറച്ച് കാണുകയോ ചെയ്യരുത്!

**നിങ്ങളുടെ ശത്രുവിനെ കണക്കിലേറെ മതിക്കരുത്**

നേരെ *മറിച്ച്,* നാം പിശാചിനെ കണക്കിലധികമായി മതിക്കരുത്. ഏൾ പാൽമർ പറഞ്ഞു,

> പ്രപഞ്ചത്തിലെ തിന്മയായ, പിശാചിന്റെ ശക്തിയെ നാം കണക്കിലേറെ വിലമതിക്കരുത്, തിന്മക്ക് എപ്പോഴും കാണുന്നതുപോലെയുള്ള ഘനമില്ല. അത് പലപ്പോഴും പാലിക്കുവാൻ കഴിയാത്ത വാഗ്ദാനങ്ങളുടേയോ അല്ലെങ്കിൽ ഭീഷണിയുടേയോ കപടപ്രകടനമായിരിക്കും. അതാണ് പിശാചിന്റെ പരീക്ഷണത്തിലെ അന്തസത്ത. നാം പിശാചിന്റെ ശക്തി അമിതമായി കണക്കാക്കിയാൽ അവന്റെ വാഗ്ദാന പരീക്ഷണത്തിൽ നാം കുടുങ്ങി തോറ്റുപോകും. രണ്ടും തെറ്റാണ്, ...[44]

സാത്താനോട് എതിർക്കുന്നത് നിഷ്പ്രയോജനമാണെന്ന് ചിലർ സ്പഷ്ടമായും കരുതുന്നു. പിശാചിന്റെ പ്രവൃത്തികളോട് പ്രതിരോധിക്കുവാൻ കഴിയുകയില്ല എന്ന അർത്ഥത്തിൽ, “പിശാചാണ് എന്നെക്കൊണ്ട് അത് ചെയ്യിച്ചത്” എന്ന ഒഴികഴിവ് പറയുന്നവരുണ്ട്. പിശാചിന് ശക്തിയുണ്ടെങ്കിലും, അവൻ സർവ്വശക്തനല്ല എന്നാണ് നമ്മുടെ വേദഭാഗം പറയുന്നത് – അവൻ തീർച്ചയായും പ്രതിരോധിക്കുവാൻ കഴിയാത്തവനല്ല. നന്മയും തിന്മയും തുല്യ നിലവാരത്തിലാണെന്ന പാർസി സിദ്ധാന്തം ഒന്നും തിരുവെഴുത്തിലില്ല. നാം സേവിക്കുന്ന ദൈവത്തേക്കാൾ എത്രയോ താഴെയാണ് പിശാച്.

അവന് തലകളും, മികവുമുണ്ടായിരിക്കാം; എന്നാൽ, സ്പഷ്ടമായും ദൈവപദ്ധതികളെ എതിർക്കുന്നതിന്റെ മൗഢ്യം അവൻ മനസിലാക്കുന്നില്ല (12:4, 5, 7–10). അവൻ സർവ്വജ്ഞനല്ല.

അവന് പത്തു കൊമ്പുകളും, മൂന്നിലൊന്ന് നക്ഷത്രങ്ങളെ ചുരുട്ടിക്കൂട്ടുവാനും കഴിഞ്ഞേക്കാം, എന്നാൽ ദൈവത്തിന് കഴിയുന്നതുപോലെ എല്ലാ നക്ഷത്രങ്ങളെയും എറിയുവാൻ അവന് കഴുയുകയില്ല (6:13). അവൻ സർവ്വശക്തനല്ല.

അവന് ഏഴ് കിരീടങ്ങളുണ്ടായിരുന്നേക്കാം, എന്നാൽ അവന്റെ അധികാരം താൽക്കാലികമാണ്. അവസാനം, “അനവധി കിരീടങ്ങളുള്ള” (19:12), യേശു മാത്രമായിരിക്കും, “രാജാധിരാജാവും കർത്താധികർത്താവും” (19:16)!

പിശാചിനെ ഒരിക്കലും സർവ്വവ്യാപിയായും പറഞ്ഞിട്ടില്ല എന്ന് നാം മനസിലാക്കണം (ഇയ്യോബ് 2:2). മനുഷ്യരുടെ പ്രവൃത്തികളെ നിരീക്ഷിക്കുവാൻ അവന് സഹായികൾ വേണം (വാ. 7, 9).

നിങ്ങളുടെ ശത്രുവിനെ അറിയുക: അവൻ നശിപ്പിക്കുന്നവനും ഭയപ്പെടുത്തുന്നവനുമാകയാൽ ഉണർന്നിരിപ്പിൻ – ദൈവസഹായത്താൽ അവനെ നമുക്ക് പരാജയപ്പെടുത്തുവാനും കഴിയും എന്ന് അറിയുക. യാക്കൊബ് പറഞ്ഞു, “പിശാചിനോട് എതിർത്തുനിൽപിൻ, എന്നാൽ അവൻ നിങ്ങളെ വിട്ട്

ഓടിപ്പോകും" (യാക്കൊബ് 4:7). ദൈവത്തിൽ വിശ്വസ്തരായിരിക്കുന്നവർക്ക് സാത്താനെ അതിജീവിക്കുവാൻ കഴിയും എന്ന് നാം അടുത്ത പാഠത്തിൽ പഠിക്കും (വെളിപ്പാട് 12:11).

### നിരുൽസാഹപ്പെട്ട ഒരു ശത്രു (12:4-6)

നാം നമ്മുടെ ശത്രുവിനെ പരിചയപ്പെടുത്തി, എന്നാൽ അവൻ നമ്മെ വെറുക്കുവാനും നമ്മുടെ നാശം കാണുവാനും ആഗ്രഹിക്കുന്നതെന്തുകൊണ്ടാണെന്ന് നാം അറിയണം. *നിരുൽസാഹപ്പെട്ട* ഒരു ശത്രുവിനെ വിശദീകരിക്കുകയാണ് അടുത്ത വാക്യങ്ങളിൽ.

**നിരുൽസാഹം. 1 (വാ. 4, 5)**

വാക്യം 4 ന്റെ അവസാനം, "പ്രസവിപ്പാറായ സ്ത്രീ പ്രസവിച്ചയുടനെ കുട്ടിയെ തിന്നുകളവാൻ മഹാസർപ്പം അവളുടെ മുൻപിൽ നിന്നു" (വാ. 4). സാത്താന് തന്റെ ഉദ്ദേശം നിവർത്തിപ്പാൻ കഴിയാത്തതെന്തെന്ന് ചിന്തിക്കുവാൻ മറ്റൊരു കാരണവും കാണുന്നില്ല. പ്രസവിക്കുന്ന സമയത്ത്, കുട്ടിയും സ്ത്രീയും നിസാഹതയിലാണ്, അവന്റെ കരുണയിലാണ്. പ്രവൃത്തി പുനരാരംഭിക്കുമ്പോൾ, ദൈവത്തിന്റെ മനോഹരമായ ഇടപെടലിനായി ഒരുങ്ങുക.

വാക്യം 5 ന്റെ ആദ്യഭാഗം, കുട്ടി ജനിക്കുന്നതും അവനെ തിരിച്ചറിയുന്നതുമാണ്. "അവൾ സകലജാതികളേയും ഇരുമ്പുകോൽ കൊണ്ട്[45] മേയ്പാനുള്ളോരു ആൺകുട്ടിയെ പ്രസവിച്ചു" (വാ. 5). മശിഹാ സങ്കീർത്തനമായ സങ്കീർത്തനം 2-ൽ നിന്നുള്ളതാണ് "ഇരുമ്പ് കോൽകൊണ്ട് മേയ്ക്കുക" എന്ന വാക്ക്, പുതിയനിയമത്തിൽ ആ സങ്കീർത്തനം പലപ്പോഴും യേശുവിനെ സൂചിപ്പിച്ച് പറഞ്ഞിട്ടുണ്ട് (പ്രവൃത്തികൾ 13:33; എബ്രായർ 1:5; 5:5). മുൻപ്, 2:26–28 ചർച്ച ചെയ്തപ്പോൾ, ആ സങ്കീർത്തനം പറയുകയുണ്ടായി, അവിടെ യേശു പറയുന്നത്, തന്നെ അനുസരിക്കുന്നവർ തന്നോടുകൂടെ വാഴും എന്നാണ്. വീണ്ടും അദ്ധ്യായം 19-ൽ യേശുവിനെ കുറിച്ച് എഴുതിയിരിക്കുന്നു, "ജാതികളെ വെട്ടുവാൻ അവന്റെ വായിൽനിന്നു മൂർച്ചയുള്ള വാൾ പുറപ്പെടുന്നു, അവൻ ഇരുമ്പുകോൽ കൊണ്ട് അവരെ മേയ്ക്കും; ..." (വാ. 15).[46] 12:5-ൽ പറയുന്ന ആൺകുട്ടി യേശു ആണെന്നതിന് അല്പം സംശയമുണർത്തുന്നു.

"മകൻ, ആൺകുട്ടി" എന്ന അസാധാരണ പ്രയോഗം ശ്രദ്ധിക്കുക. ഗ്രീക്കിലും ഇംഗ്ലീഷിലും "മകൻ" എന്നാൽ "ആൺകുട്ടി" എന്നാണ് അർത്ഥം. ജനിച്ച കുട്ടി "ആണ്" എന്ന് സൂചിപ്പിക്കുന്നതാണ് അധികമായി ചേർത്ത വാക്ക്. ആ പ്രയോഗത്തെ കുറിച്ച് ആൽബർട്ടസ് പീറ്റേഴ്സ് എഴുതി, "നാം ഒരു ഉച്ചാരണ പ്രയോഗത്തെ കടമെടുക്കുകയാണെങ്കിൽ, ഒരുപക്ഷെ നാം ആ മനോഭാവത്തിലേക്ക് മാറുകയും ... ഇങ്ങനെ തർജിമ ചെയ്യുകയും വേണം: 'ഒരു മകൻ, അവനായ-ഒരു മനുഷ്യൻ'! ക്രിസ്തുവിനെ തന്നെ ഉറപ്പിക്കുന്ന ആസക്തിയും അഭിലഷണീയവുമായതാണ് അത്, ..."[47]

നൂറ്റാണ്ടുകൾക്ക് മുൻപ്, യെശയ്യാ പ്രവാചകൻ എഴുതി, "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു, നമുക്ക് ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു, ആധിപത്യം അവന്റെ തോളിൽ ഇരിക്കും, അവന്ന് അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്നു വിളിക്കപ്പെടും" (യെശയ്യാവ് 9:6; 7:14 നോക്കുക). യെശയ്യാവിന്റെ പ്രവചനം നിറവേറുന്ന ഒരു പശ്ചാത്തലമാണ് വെളിപ്പാട് 12:5 നൽകുന്നത്. അത് നമ്മെ യേശുവിന്റെ ജനനവും, ആ സമയത്തുണ്ടായ

പ്രകൃതി സൂചനകളുമാണ് ഓർപ്പിക്കുന്നത്.[48]

പ്രസവിച്ചു കഴിയുമ്പോൾ, കുട്ടിയെ തിന്നുവാനൊരുങ്ങിയിരിക്കുന്ന സർപ്പത്തെ കുറിച്ച് ചിന്തിക്കുമ്പോൾ, യേശുവിന്റെ ജനനത്തെ കുറിച്ചു കേട്ട് ഹെരോദാവ് ബേത്ത്ലഹേമിലെ രണ്ട് വയസിൽ താഴെയുള്ള ആൺകുട്ടികളെയെല്ലാം കൊന്നുകളയുവാൻ കൽപിച്ചതാണ് ഓർമ്മ വരുന്നത് (മത്തായി 2:16). ആ സംഭവത്തിനു പിന്നിൽ പ്രവർത്തിച്ചത് പിശാചാണ്/സർപ്പമാണെന്ന് ആർക്ക് ഊഹിക്കുവാൻ കഴിയും? പിശാചിന്റെ ഉദ്ദേശം ആ ഒരു ആൺകുട്ടിയെ നശിപ്പിക്കുക മാത്രമായിരുന്നില്ല എന്ന്, നാം തിരിച്ചറിയണം. യേശുവിനെ അവന്റെ ഭൗമികശുശ്രൂഷയിൽ ഉടനീളം അവനെ നശിപ്പിക്കുവാനുള്ള പിശാചിന്റെ ശ്രമം തുടർന്നുകൊണ്ടിരുന്നു (മത്തായി 4:1; 16:23; ലൂക്കൊസ് 22:3, 31). പിശാചിന്റെ പ്രവർത്തനങ്ങൾ യേശുവിനെ മരണത്തിലേക്ക് നയിച്ചു (ലൂക്കൊസ് 22:53).[49]

സാത്താൻ വിജയിച്ചോ? അവന്റെ ശ്രമങ്ങളുടെ വ്യർത്ഥത തിരുവെഴുത്ത് വെളിപ്പെടുത്തുന്നുണ്ട് “കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിലേക്കും എടുക്കപ്പെട്ടു” (വാ. 5). “എടുക്കപ്പെട്ടു” എന്നത് ഗ്രീക്കിൽ നിന്നു തർജിമ ചെയ്തതിന്റെ അർത്ഥം, അപ്രതീക്ഷിതമായി, പെട്ടെന്ന് “പിടുങ്ങുക” എന്നാണ്. ആ രംഗത്തെ യൂജിൻ പീറ്റേഴ്സൺ വിവരിക്കുന്നത് “ശിശു പ്രത്യക്ഷമായ ഉടനെ, സർപ്പം കുത്തുവാനായി ചാടുന്നു. ആ ഭീകര ദൃശ്യം കാണാതിരിക്കുവാനായി നാം കണ്ണടക്കുന്നു. പിന്നെ, സാധ്യമായ അവസാന നിമിഷം, അഭയം നൽകുന്നു. ശിശുവിനെ പിടിച്ച് ദൈവത്തിന്റെ സിംഹാസനത്തിലേക്ക് എടുക്കുന്നു.”[50]

യേശുവിന്റെ ജനനത്തിൽനിന്നും വിവരണം ഉടനെ അവന്റെ ആരോഹണത്തിലേക്ക് തിരിയുന്നു.

> ദൈവപുത്രന്റെ ജഡിക പ്രവേശനത്തിൽനിന്ന് അവന്റെ ആരോഹണത്തിലേക്ക് ഉയരുന്ന സംഭവമാണ്, യോഹന്നാൻ തന്റെ തൂലികയിൽ കൂടെ വെളിപ്പെടുത്തുന്നത്. അവനെ അതിനായി ഉപയോഗിക്കുന്നു, കാരണം വെളിപ്പാട് പുസ്തകം യേശുവിന്റെ ജനനവും ഭൗമികശുശ്രൂഷയും വിശദമായി വിവരിക്കുന്നതിനുള്ളതായിരുന്നില്ല. തന്റെ സുവിശേഷ പുസ്തകത്തിൽ അവ എഴുതിക്കഴിഞ്ഞതാണ്.[51]

വാരെൻ വിയേഴ്സ്ബേ ഈ രസകരമായ ചിന്ത നൽകിയിരിക്കുന്നു: “വാക്യത്തിന്റെ മദ്ധ്യത്തിൽ ഉപയോഗിച്ചിരിക്കുന്ന രണ്ട് കുത്ത് മുപ്പത്തി-മൂന്നു വർഷത്തെ ചരിത്രം പ്രതിനിധാനം ചെയ്യുന്നു!”[52]

**നിരുൽസാഹം. 2 (വാ. 6)**

അത് അസാധ്യമായി തോന്നാമെങ്കിലും, കുട്ടി സർപ്പത്തിന്റെ പിടിയിൽ നിന്നു രക്ഷപ്പെട്ടു! നിരുൽസാഹപ്പെട്ട ഭീകരജീവി പിന്നെ സ്ത്രീയിലേക്ക് തിരിഞ്ഞു (12:13). ആ ഭീകരജന്തുവിന്റെ ശക്തിയുമായി താരതമ്യം ചെയ്താൽ സ്ത്രീ എത്ര ദുർബ്ബലയാണെന്ന് മനസിലാകും. അവളെ സർപ്പത്തിന് കീഴ്പ്പെടുത്തുക പ്രയാസമുള്ള പ്രവൃത്തിയായിരുന്നില്ല; എങ്കിലും, സാത്താൻ വീണ്ടും പരാജയപ്പെട്ടു. “സ്ത്രീ മരുഭൂമിയിലേക്ക് ഓടിപ്പോയി, അവിടെ അവളെ ആയിരത്തിരുനൂറ്ററുപതു ദിവസം പോറ്റേണ്ടതിന്നു[53] ദൈവം ഒരുക്കിയോരു

സ്ഥലം അവൾക്കുണ്ട്" (വാ. 6).

നാം 12:14 ലെത്തുമ്പോൾ, "മരുഭൂമിയെ" കുറിച്ച് വിശദമാക്കും.[54] ഇപ്പോൾ, അത് "*ദൈവം* ഒരുക്കിയ സ്ഥാനം" ആണെന്ന് മാത്രം മനസിലാക്കുക. ദൈവം തന്റെ പുത്രനെ സംരക്ഷിച്ചതുപോലെ, സഭയെയും സംരക്ഷിച്ചു. "ആയിരത്തിരുനൂറ്ററുപതു ദിവസം" ദൈവം തന്റെ ജനത്തെ സംരക്ഷിച്ചു. ("ആയിരത്തിരുനൂറ്ററുപതു ദിവസം" എന്നത് "$3^1/_2$ വർഷം" ആണെന്നും, അതിൽ ആലങ്കാരികമായി പരീക്ഷണവും, പ്രയാസവും, ശോധനയും ആണ് ഉള്ളതെന്നും നാം തിരിച്ചറിഞ്ഞത് ഓർമ്മിക്കുമല്ലോ - കൂടാതെ നാളത്തേക്ക് ഒരു പ്രത്യാശയുമുണ്ട്.[55])

വാക്യങ്ങൾ 1 മുതൽ 6 വരെ ലളിതമായ വാക്കുകളിൽ പറഞ്ഞാൽ, പിശാച് ചെയ്യുവാൻ ശ്രമിച്ചതെല്ലാം നിഷ്ഫലമായിത്തീർന്നു. അവൻ പദ്ധതി തയ്യാറാക്കിയതൊന്നും നടന്നില്ല. അവന്റെ നിരുൽസാഹം വർദ്ധിച്ചതോടെ, അവന്റെ കോപവും വർദ്ധിച്ചു.

## കോപമുള്ള ഒരു ശത്രു (12:7-17)

നമ്മുടെ അടുത്ത പാഠത്തിൽ, "സ്വർഗത്തിൽ യുദ്ധം" ഉണ്ടായപ്പോഴും സർപ്പം പരാജയപ്പെട്ടതായി നാം കാണും (വാ. 7). അത് അവന്റെ നിരുൽസാഹം വർദ്ധിക്കുകയും കോപം കൂടുകയും ചെയ്തു. അതിനാൽ അദ്ധ്യായം 12 ന്റെ അവസാന വാക്യത്തിൽ ഇങ്ങനെ പറയുന്നു, "മഹാസർപ്പം സ്ത്രീയോട് കോപിച്ചു, ..." (വാ. 17). സാത്താൻ എന്തുകൊണ്ട് *നിങ്ങളെ വെറുക്കുകയും*, *നിങ്ങളെ നശിപ്പിക്കുവാൻ* ശ്രമിക്കുകയും ചെയ്യുന്നു എന്നതിനുള്ള വിശദീകരണമാണ് അത്. അവൻ കോപം ജ്വലിച്ച കാളയെപോലെയാണ്, മുൻപിൽ കാണുന്നതിനെ നശിപ്പിക്കുവാൻ ശ്രമിക്കും.

## ഉപസംഹാരം

ആ ചർച്ചയുടെ ശേഷിച്ച ഭാഗം നാം ഭാവി പാഠങ്ങൾക്കായി നീക്കി വെക്കുകയാണ്. നമ്മുടെ ശത്രുവിന്റെ ഒരു ഏകദേശരൂപം കിട്ടുവാനാണ് നാം ഈ അവതരണത്തിൽ പരിശ്രമിച്ചത്. തങ്ങളുടെ യഥാർത്ഥ ശത്രു റോമല്ല, സാത്താനാണ് എന്ന് ആദ്യ ക്രിസ്ത്യാനികൾ മനസിലാക്കേണ്ടത് ആവശ്യമായിരുന്നു. നമ്മുടെ ജീവിതത്തിൽ ഏതെല്ലാം പരീക്ഷണങ്ങളുണ്ടായാലും, അതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത്, സാത്താനാണെന്ന് നിങ്ങളും ഞാനും മനസിലാക്കണം.

നമ്മുടെ ശത്രുവിനെ നാം നിസാരമായി കാണരുത്. അവൻ നശിപ്പിക്കുന്നവനാണ്. അതേസമയം നമ്മെ ഭീഷണിപ്പെടുത്തുവാൻ നാം അവനെ അനുവദിക്കയുമരുത്. ആൺകുട്ടിയെ ദൈവം സഹായിച്ചു, അവൻ സ്ത്രീയെ സഹായിച്ചു - നാം അവനോട് അടുത്ത് അവനിൽ ആശ്രയിച്ചാൽ - അവൻ നമ്മെയും സഹായിക്കും. മുൻപ്, ഞാൻ യാക്കൊബ് 4:7 ന്റെ ഒരു ഭാഗം ഉദ്ധരിക്കുകയുണ്ടായി, അവിടെ പറയുന്നത്, "പിശാചിനോട് എതിർത്തുനിൽപിൻ, എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും." പ്രതിരോധത്തിനുള്ള താക്കോൽ ആ വാക്കിന്റെ ആദ്യം നൽകുന്നുണ്ട്. "ആകയാൽ [നിങ്ങൾ] ദൈവത്തിന് കീഴ്പ്പെടുവിൻ" പൗലൊസ് പറഞ്ഞു, "പിശാചിന്ന് ഇടം കൊടുക്കാതിരിപ്പിൻ" (എഫെസ്യർ 4:27; കെജെവി). നമ്മുടെ ശക്തിയിലല്ല, കർത്താവിന്റെ ബലത്തിൽ നാം ആശ്രയിച്ചാൽ (എഫെസ്യർ 6:10) നമുക്ക് ആ കൽപന

അനുസരിക്കുവാൻ കഴിയും.


അപ്പോൾ, ഇപ്പോഴത്തെ ചോദ്യം, "നിങ്ങൾ കർത്താവിനോട് എത്രത്തോളം അടുത്തിരിക്കുന്നു?" എന്നതാണ്. നിങ്ങൾ ഒരിക്കലും അവനെ സ്വീകരിച്ചിട്ടില്ലെങ്കിൽ, അല്ലെങ്കിൽ നിങ്ങൾ അവനെ വിട്ടുപിരിഞ്ഞു അലയുകയാണെങ്കിൽ, ഇപ്പോഴാണ് അവനെ അനുസരിക്കുവാനുള്ള സമയം, അങ്ങനെയായാൽ അവൻ നിങ്ങളെ "ദുഷ്ടനിൽനിന്നു വിടുവിക്കും." (മത്തായി 6:13; എൻഐവി).[56]

---

## പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ

അദ്ധ്യായം 12 ലെ സ്ത്രീയുടെ സ്വാഭാവിക സൗന്ദര്യത്തിൽനിന്നു വ്യത്യസ്തമാണ് അദ്ധ്യായം 17 ലെ വേശ്യയുടെ കൃത്രിമ സൗന്ദര്യം. ആ വ്യത്യാസം എടുത്തുകാണിക്കുന്ന ഒരു ചാർട്ട് വേണമെങ്കിൽ നിങ്ങൾക്ക് ഉണ്ടാക്കാം. അതു തുടങ്ങുവാനുള്ള ചില സൂചനകൾ ഇതാ: (1) വെളിച്ചത്തിലുള്ള ആദ്യജീവിതങ്ങൾ; രണ്ടാമത്തെ ജീവിതങ്ങൾ ഇരുട്ടിൽ. (2) ആദ്യത്തേത് സ്വർഗീയം; രണ്ടാമത്തേത് ഭൗതികം. (3) ആദ്യത്തേത് വേദനകൊണ്ട് പുളയുന്നത്; രണ്ടാമത്തേത് മദോന്മത്തം. (4) ആദ്യത്തേത് രക്തസാക്ഷികളുടെ മാതാവ്; രണ്ടാമത്തേത്, വേശ്യകളുടെ മാതാവ്. (5) ആദ്യത്തേത് നന്മ പുറപ്പെടുവിക്കുന്നു; രണ്ടാമത്തേത്, തിന്മയുമായി പുറപ്പെടുവിക്കുന്നു. (6) ആദ്യത്തേത് തിന്മയാൽ വേട്ടയാടപ്പെടുന്നു; രണ്ടാമത്തേത് തിന്മയുമായി സഖ്യത്തിലേർപ്പെടുന്നു. (7) ആദ്യത്തേത് സ്പഷ്ടമായും നിസഹായമായിരിക്കുന്നു, പക്ഷെ ജീവിക്കുന്നുണ്ട്; രണ്ടാമത്തേത് സ്പഷ്ടമായും ശക്തമാണ്, പക്ഷെ നശിച്ചുപോയി.

നിങ്ങൾക്ക് കലാപരമായ കഴിവുണ്ടെങ്കിൽ, പഠിപ്പിക്കുമ്പോൾ തന്നെ ബോർഡിൽ ആ രംഗം വരച്ച് കാണിക്കാം. ആസ്ട്രേലിയയിലെ എന്റെ ഒരു വിദ്യാർത്ഥി വരച്ചതാണ് താഴെ കൊടുത്തിരിക്കുന്ന ചിത്രം:




ഈ പാഠത്തിനുള്ള ഏറ്റവും സാധാരണമായ തലവാചകമാണ്, "ഒരു

സ്ത്രീ, ഒരു സർപ്പം, ഒരു ആൺകുട്ടി എന്നത്." വിവിധ ക്രമങ്ങളിലാണ് അത് ഏർപ്പെടുത്തിയിരിക്കുന്നത്. അദ്ധ്യായം 12 നു സാധ്യതയുള്ള മറ്റൊരു തല വാചകമാണ്, "ഭൂമി എന്ന ഗൃഹത്തിൽ ക്ഷേമമായി ജീവിക്കുക" എന്ന് പി ശാചിനെ സൂചിപ്പിച്ചുകൊണ്ട് പറയാം. "പരസ്യശത്രു നമ്പർ. 1" അല്ലെങ്കിൽ, "ക്രിസ്ത്യൻ ശത്രു നമ്പർ. 1" എന്നോ പ്രയോഗിക്കാം.

അദ്ധ്യായം 12 നെ വെസ്റ്റ് വിളിച്ചത്, "അന്തിമസ്ഥാനം തുലാസിൽ" എന്നാണ്. എന്നാൽ റോബർട്ട് മുതോളന്റ് അതിനെ, "വലിയ ചിത്രം" എന്നു വിളിച്ചു, പക്ഷെ "നമ്മുടെ കാഴ്ച്ചക്ക് അപ്പുറമുള്ള പ്രതിസന്ധി" അല്ലെങ്കിൽ "തിരശീലക്ക് പിന്നിലുള്ള യുദ്ധം" എന്നാണ് മറ്റുള്ളവർ പറഞ്ഞത്. ആ അദ്ധ്യായം അവതരിപ്പിക്കുന്നത് "ആത്മീയനാടകം" ആണെന്നാണ് മൈക്കിൾ വിൽക്കോക്ക് പറഞ്ഞത്. ആ സമീപനം ഉപയോഗിക്കുകയാണെങ്കിൽ നിങ്ങൾക്ക് ഈ പിരിവുകൾ എടുക്കാം: (1) ദ പ്ലെയേഴ്സ് (വാ. 1–3, 5); (2) ദ പ്ലോട്ട് (വാ. 1–6); (3) ദ പ്ലേ (വാ. 7–16); (4) ദ പ്രെലൂഡ് (വാ. 17).

"ദ ടെറിബിൾ ട്രയോ" എന്ന തലവാചകം കൊടുത്ത് അദ്ധ്യായം 12 ഉം 13 ഉം ചേർത്ത് വിയേഴ്സ്ബേ അവതരിപ്പിച്ചിരിക്കുന്നു.

മശിഹ ലോകത്തിലേക്കു വരാതിരിക്കുന്നതിന് പിശാച് വർഷങ്ങളായി പരിശ്രമിച്ചതിനെ കുറിച്ചുള്ള വില്യം ഹെൻഡ്രിക്സന്റെ കുറിപ്പുകളിൽ തന്നെ ഒരു പ്രസംഗമുണ്ട്.[57]

---

കുറിപ്പുകൾ

[1]ശത്രുക്കൾ ആദ്യം ഓരോ സമയത്ത് ഓരോരുത്തരായിട്ടാണ് രംഗപ്രവേശം നടത്തുന്നതെങ്കിൽ, അപ്രത്യക്ഷമാകുന്നത് നേരെ എതിർക്രമത്തിലാണ്. [2]ദൈവത്തിൽനിന്നുള്ള പ്രത്യേക വെളിപ്പാടുകൾ ലഭിക്കുന്നതിനെ സൂചിപ്പിച്ചുകൊണ്ട് ആ വാക്ക് വെളിപ്പാടിൽ മൂന്നു പ്രാവശ്യവും. (12:1, 3; 15:1) നാല് പ്രാവശ്യം സാത്താന്റെ സഹായികളുടെ വഞ്ചനാ ചിഹ്നമായും ഉപയോഗിച്ചിട്ടുണ്ട്. (13:13, 14; 16:14; 19:20). യോഹന്നാനാണ് അപോകാലിപ്സ് എഴുതിയതെന്ന് ആ വാക്ക് വിപുലമായി വെളിപ്പാടിലും യോഹന്നാന്റെ മറ്റു പുസ്തകങ്ങളിലും ഉപയോഗിച്ചിരിക്കുന്നത് തെളിയിക്കുന്നു. [3]ആ തീർച്ചയുള്ള വാക്കുകൾ എടുത്തിരിക്കുന്നത് ഡബ്ലിയു. ബി. വെസ്റ്റ്. ജൂനിയർ., *റെവലേഷൻ ത്രൂ ഫസ്റ്റ് സെഞ്ചുറി ഗ്ലാസസ്,* എഡി. ബോബ് പ്രിച്ചാർഡ് (നാഷ്‌വിലേ: ഗോസ്പൽ അഡ്വോക്കേറ്റ് കമ്പനി., 1997), 85 ൽനിന്നും, സി. ജി. വിൽക്കേ ആന്റ് വിൽബാൽഡ് ഗ്രിം, "സെമിയോൺ," *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂടെസ്റ്റമെന്റ്,* ട്രാൻസ് ആന്റ് റെവ, ജോസഫ് എച്ച്. തേയർ (എഡിൻബറോ, സ്ക്കോട്ട്ലന്റ്: ടി&ടി. ക്ലാർക്ക്, 1901; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: റീജെൻസി റെഫറൻസ് ലൈബ്രറി, എൻ. ഡി.), 573. [4]വെസ്റ്റ്, 87. പല തർജിമക്കാരും വാക്യം 1 ലെ "സ്വർഗം" "ആകാശം" എന്ന് തർജിമ ചെയ്തിട്ടുണ്ട്. ഉദാഹരണമായി, വില്യം ബാർക്ലേ, *ഇൻ ദ റെവലേഷൻ ഓഫ് ജോൺ*, വാല്യം. 2, റെവ. എഡി., ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1976), 74. [5]ഈ വാചകം എടുത്തിരിക്കുന്നത് മാർട്ടിൻ കിഡിൽ, *ദ റെവലേഷൻ ഓഫ് സെന്റ് ജോൺ*, ദ മൊഫാറ്റ് ന്യൂടെസ്റ്റമെന്റ് കമെന്ററി സീരീസ് (ന്യൂയോർക്ക്: ഹാർപ്പർ & ബ്രദേഴ്സ് പബ്ലിഷേഴ്സ്, 1940), 219, ആന്റ് ജി. ബി. കെയിഡ്, *എ കമെന്ററി ഓൺ ദ റെവലേഷൻ ഓഫ് സെന്റ് ജോൺ ദ ഡിവൈൻ* (ലണ്ടൻ: ആഡം ആന്റ് ചാൾസ് ബ്ലാക്ക്, 1966), 149. [6]ഉദാഹരണത്തിന്, തിരുവെഴുത്ത് ദൈവത്തെ സൂര്യനോ

ടും (സങ്കീർത്തനങ്ങൾ 84:11); വെളിപ്പാടിൽ, യേശുവിന്റെ മുഖം സൂര്യനെപ്പോലെ പ്രകാശിക്കുന്നതായും താരതമ്യം ചെയ്തിട്ടുണ്ട് (1:16). അതുകൊണ്ട് ഈ സ്ത്രീക്ക് ദൈവത്തോടും യേശുവിനോടും പ്രത്യേക ബന്ധം ഉണ്ട്. നക്ഷത്രങ്ങളെ പിതാക്കന്മാരുടെ കാലത്തോടും, ചന്ദ്രനെ യഹൂദ കാലത്തോടും, സൂര്യനെ ക്രിസ്തീയ കാലത്തോടും താരതമ്യം ചെയ്തിട്ടുണ്ട്. "റ്റു മച്ച് ഇന്റർപ്രട്ടേഷൻ കാൻ ബി ആസ് ഡൈഞ്ചറസ് ആസ് റ്റു ലിറ്റിൽ" (ഏൾ പാമർ, 1, 2, 3 *ജോൺ & റെവലേഷൻ*, ദ കമ്മ്യൂണിക്കേറ്റേഴ്സ് കമന്ററി സീരീസ്, വാല്യം 12 [ഡള്ളാസ്: വേഡ് പബ്ലിഷിംങ്, 1982], 199). എങ്കിലും രണ്ടു വിശദീകരണങ്ങൾ പ്രാധാന്യമുള്ളതായി തോന്നുന്നു: (1) സ്ത്രീ അണിഞ്ഞിരുന്ന കിരീടം *സ്റ്റെഫാനൗവാസ്* ആണ്, വിജയകിരീടം. (2) "പന്ത്രണ്ട്" എന്ന സംഖ്യ പൂർണതയെ കാണിക്കുന്നു. (ഈ പാഠത്തിൽ പറഞ്ഞിരിക്കുന്ന പന്ത്രണ്ട് നക്ഷത്രങ്ങളെ നോക്കുക.) [7]ഇത് നിങ്ങൾ ഒരു ക്ലാസ്സിൽ അവതരിപ്പിക്കുകയാണെങ്കിൽ, ക്ലാസ്സിലുള്ളവരോട് വാക്യം 1 നെ ക്കുറിച്ച് അവർക്കു ലഭിച്ച പ്രതീതി ചോദിക്കാവുന്നതാണ്. [8]ഈ വിവരണം യൂജിൻ എച്ച്. പീറ്റേഴ്സൺ, *റിവേഴ്സ്ഡ് തണ്ടർ* (സാൻ ഫ്രാൻസിസ്കോ: ഹാർപ്പർ കോളിൻസ് പബ്ലിഷേസ്, 1988), 119. [9]അദ്ധ്യായത്തിന്റെ അവസാന ഭാഗത്ത്, സ്ത്രീ സഭയാണെന്നും പിന്നീട് പറയും ഒരു പക്ഷെ ഇക്കാരണത്താൽ ആയിരിക്കാം ലോകത്തിന്റെ കാഴ്ച്ചപ്പാടിൽ,സഭ അനാകർഷണീയമായിരിക്കുന്നത്, എന്നാൽ ദൈവത്തിന്റെ കാഴ്ച്ചപ്പാടിൽ മനോഹരമാണ്. [10]മയർ പേൾ മാൻ, *വിന്റോസ് ഇൻറ്റു ദ ഫ്യൂച്ചർ: ഡിവോഷണൽ സ്റ്റഡീസ് ഇൻ ദ ബുക്ക് ഓഫ് റവലേഷൻ* (സ്പ്രിങ്ഫീൽഡ്, മോ.: ഗോസ്പ്പൽ പബ്ലിഷിംഗ് ഹൗസ്, 1941), 99.

[11]കണ്ണിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഊഹത്തിൽ വിവേകം ദൈവത്തേയും, പരിശുദ്ധാത്മാവിനേയും പ്രതീകാത്മകമായി പറഞ്ഞിരിക്കുന്നു. [12]ജി. ആർ. ബീസ്ലേ-മുറേ, *ദ ബുക്ക് ഓഫ് റെവലേഷൻ*, ദ ന്യൂ സെഞ്ചുറി ബൈബിൾ കമന്ററീ സീരീസ് (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ഡബ്ലിയു എം. ബി. എഡ്മാൻസ് പബ്ലിഷിംഗ് കമ്പനി., 1974) 198. വെളിപ്പാട് 12:1 ലെ മറിയയുടെ അലങ്കാര ചിത്രം പല കത്തോലിക്ക ഭവനങ്ങളിലും വെച്ചിരിക്കുന്നത് കാണാം. [13]ബാർക്ലേ, 76. [14]ഗില്ലെസ് ക്വിസ്പെൽ, ദ സേക്രട് ബുക്ക് ഓഫ് റെവലേഷൻ (ന്യൂയോർക്ക്: മെക്ഗ്രാ-ഹിൽ ബുക്ക് കമ്പനി., 1979), 77. [15]വെളിപ്പാട്, 2 ലുള്ള "കൊടുങ്കാറ്റിനു മദ്ധ്യേയുള്ള ശാന്തത" എന്ന പാഠം നോക്കുക. [16]ലിയോൺമോറീസ്, റവലേഷൻ, റവ. എഡി., ദ റ്റിന്റെൽ ന്യൂറ്റസ്റ്റമെന്റ് കമന്ററി. (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. എഡ്മാൻസ് പബ്ലിഷിംഗ് കമ്പനി., 1987), 153. [17]എഡ്വേർഡ് പി. മയേഴ്സ്, *ആഫ്ടർ ദീസ് തിങ്ങ്സ് ഐ സാ. ഏ സ്റ്റഡി ഓഫ് റെവലേഷൻ* (ജോപ്ലിൻ, മോ: കോളേജ് പ്രസ് പബ്ലിഷിങ്ങ് കമ്പനി., 1997), 216. [18]ബ്രൂസ് എം. മെറ്റ്സ്ജർ, *ബ്രേക്കിങ് ദ കോഡ്: അണ്ടർസ്റ്റാൻഡിങ്ങ് ദ ബുക്ക് ഓഫ് റെവലേഷൻ* (നാഷ്വിലേ: അബിങ്ടൺ പ്രസ്, 1993), 74. [19]ആ വാചകത്തിലെ അവസാന വാക്കുകൾ എടുത്തിരിക്കുന്നത്, പീറ്റേഴ്സൺ, 120 ൽനിന്നാണ്. [20]"മൂന്നി-ലൊന്ന്" എന്നതിന്റെ പ്രാധാന്യമറിയുവാൻ, വെളിപ്പാട്, 1 എന്ന പുസ്തകത്തിലെ "ഇവിടെ ഇതാ സർപ്പം" എന്ന പാഠം നോക്കുക. കൂടാതെ ഈ പാഠത്തിൽ മുൻപ് വന്ന "ദൈവത്തിന്റെ വിളിച്ചു-ണർത്തൽ" എന്ന പാഠവും നോക്കുക.

[21]വാക്യം 9-ൽ അവനെ സർപ്പം എന്നു വിളിച്ചിരിക്കുന്നു, വാക്യം 4-ൽ അവൻ നിൽക്കുകയായിരുന്നു. [22]ആദ്യമൃഗത്തിന്റെ ഏഴ് തലകളും, പത്ത് കൊമ്പുകളും പൊതുവിൽ അർത്ഥമാക്കുന്നത് ഇതാണ്, എന്നാൽ ആദ്യത്തെ മൃഗത്തിനും സർപ്പത്തിനും പൊതുവായി പലതുണ്ട്, പക്ഷെ മൃഗത്തിന്റെ സ്വഭാവങ്ങൾ എടുത്ത് സർപ്പത്തിന് പ്രയോഗിക്കാവുന്നതല്ല. യോഹന്നാനിൽനിന്നു സൂചകപദമെടുത്താൽ, നാം ആദ്യത്തെ മൃഗത്തിന് കൊമ്പുകൾക്കും തലകൾക്കും കൊടുത്ത പ്രത്യേക

അർത്ഥങ്ങൾ ഇവിടെ കൊടുക്കുകയില്ല. [23]ഇത് നിങ്ങൾ ഒരു ക്ലാസിൽ അവതരിപ്പിക്കുകയാണെങ്കിൽ, വാക്യങ്ങൾ 3 ലും 4 ലും പറഞ്ഞിരിക്കുന്ന സർപ്പത്തെ കുറിച്ച് ക്ലാസിനുണ്ടായ പ്രതീതി ചോദിക്കാവുന്നതാണ്. [24]പഴയനിയമത്തിൽ "സർപ്പം" എന്നുപയോഗിച്ച രണ്ട് ഉദാഹരണങ്ങൾക്ക്, യെശയ്യാവ് 27:1; 51:9 നോക്കുക. പുതിയ നിയമത്തിൽ വെളിപ്പാടിൽ മാത്രമാണ് "സർപ്പം" എന്ന് വാക്ക് ഉപയോഗിച്ചിരിക്കുന്നത്. [25]രൂബേൽ ഷെല്ലി, *ദ ലാമ്പ് ആന്റ് ഹിസ് എനിമീസ്: അണ്ടർസ്റ്റാൻഡിങ്ങ് ദ ബുക്ക് ഓഫ് റെവലേഷൻ* (നാഷിലേ: 20 ത് സെഞ്ചുറി ക്രിസ്റ്റ്യൻ ഫൗഷേൻ, 1983), 71. [26]"ഏഴ്" എന്ന സംഖ്യയുടെ പ്രാധാന്യം അറിയുവാൻ, വെളിപ്പാട്, 1 എന്ന പുസ്തകത്തിലെ "ഇവിടെ ഇതാ സർപ്പം" എന്ന പാഠം നോക്കുക. അവയെല്ലാം അലങ്കാരപ്രയോഗമാണെന്ന് ഓർമ്മിക്കുക. 16:13-ൽ, സർപ്പത്തിന് ഏഴ് തലകളുണ്ടായിരുന്നുവെങ്കിലും - ഒരു വായുള്ളതായാണ് പറഞ്ഞിരിക്കുന്നത്! [27]തലകൾ മാനസികകഴിവിനപ്പുറം അധികാരത്തെയാണ് സൂചിപ്പിക്കുന്നതെന്ന് ചിലർ കരുതുന്നു. [28]ഗ്രീക്ക് ഇതിഹാസത്തിലെ പല തലകളുള്ള വിചിത്രജീവിയെ, കൊല്ലുവാൻ പ്രയാസമാണ്. ഒരു തലയെ കൊന്നാൽ, മറ്റൊരു തല ആക്രമിക്കും. [29]"പത്ത്" എന്ന സംഖ്യയുടെ പ്രാധാന്യത്തിന്, വെളിപ്പാട്, 1 എന്ന പുസ്തകത്തിലെ "ഇവിടെ ഇതാ സർപ്പം" എന്ന പാഠം നോക്കുക. ചോദ്യം: ഏഴു തലകളിൽ എങ്ങനെ പത്ത് കൊമ്പുകൾ ചേരും? ഉത്തരം: എങ്ങനെ വേണമെങ്കിലും - അതു കാര്യമല്ല, ഇത് അലങ്കാരപ്രയോഗമാണ്. [30]വെളിപ്പാട് പുസ്തകം, 2 എന്ന പുസ്തകത്തിലെ "കുഞ്ഞാട് യോഗ്യൻ" എന്ന പാഠത്തിൽ കുഞ്ഞാടിന്റെ ഏഴ് കൊമ്പുകളെ കുറിച്ചു പറഞ്ഞിരിക്കുന്നത് നോക്കുക. കുഞ്ഞാടിന്റെ ശക്തിയും സർപ്പത്തിന്റെ ശക്തിയും വ്യത്യസ്തമാണ്. കുഞ്ഞാടിന്റെ ശക്തി അവനിൽ തന്നെയുള്ളതും നിലനിൽക്കുന്നതുമാണ് എന്നാൽ സർപ്പത്തിന്റെ ശക്തി ദൈവം അനുവദിക്കുന്നതും താൽക്കാലികവുമത്രെ.

[31]കെജെവിയിൽ ഇവിടെ "കിരീടങ്ങൾ" എന്നാണ്. "ഡയഡെം" എന്ന വാക്ക് പുതിയനിയമത്തിൽ മൂന്നു പ്രാവശ്യമേയുള്ളു, അത് വെളിപ്പാടിലാണ്: 12:3; 13:1; 19:12. [32]പിശാചിനെ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ നോക്കുക, മത്തായി 12:24; യോഹന്നാൻ 12:31; 14:30; 16:11; എഫെസ്യർ 2:2. [33]മെറ്റ്സ്ജർ, 73. [34]സ്വാധീനശക്തിയുള്ള വ്യക്തികളിൽ സാത്താൻ ശക്തിയായി പ്രവർത്തിക്കുമെന്ന് ഈ പ്രവൃത്തിയിൽനിന്നു വിശ്വസിക്കുന്നു. പിശാച് ദൈവത്തോട് മൽസരിക്കുമ്പോൾ, അവന്റെ ദൂതന്മാരാണ് മനുഷ്യരിൽ ഇങ്ങനെ പ്രവർത്തിക്കുന്നതെന്ന് വേറെ ചിലർ വിശ്വസിക്കുന്നു. [35]മോറിസ്, 154. [36]സ്ത്രീ പ്രസവിക്കുന്നതിന് മുൻപ് തന്നെ സത്രിയെ നശിപ്പിച്ച് കാര്യം സാധിക്കാമായിരുന്നല്ലോ എന്നു ചിലർ ചിന്തിക്കുന്നു. അത് അദ്ധ്യായം 12 ലെ അലങ്കാരത്തിനപ്പുറമാണ്. വാസ്തവത്തിൽ അവൻ മശിഹയെ പുറപ്പെടുവിക്കാതിരിക്കുവാൻ സ്ത്രീയെ (യിസ്രായേലിനെ) പല പ്രാവശ്യം തടസപ്പെടുത്തിയിട്ടുണ്ട്. (1 ശമുവേൽ 19:1; 2 രാജാക്കന്മാർ 11:1, 2; എസ്ഥേർ 3:13.) ആ സൂത്രം ഫലിക്കാതെ വന്നപ്പോൾ മശിഹയെ തന്നെ നശിപ്പിക്കുവാനായിരുന്നു സാത്താന്റെ "പ്ലാൻ ബി." [37]ഫ്രാങ്ക് പാക്ക്, റെവലേഷൻ, പാർട്ട്, 2, ദ ലിവിങ്ങ് വേഡ് സീരീസ് (ആസ്റ്റിൻ, ടെക്സ്.: ആർ. ബി. സ്വീറ്റ് കമ്പനി., 1965), 4. [38]ഉൽപത്തി 3 ലെ പാമ്പ്, സാത്താൻ പാമ്പിനെ ഉപയോഗിച്ചതോ, അല്ലെങ്കിൽ, സാത്താൻ തന്നെ പാമ്പിന്റെ രൂപമായി മാറിയതോ ആയിരിക്കാം. [39]മിക്ക തർജ്ജിമകളിലും "പിശാചിനെ" പൊതുനാമത്തിലാണ് പറഞ്ഞിരിക്കുന്നത് (ഇംഗ്ലീഷിൽ "ഡി" ചെറിയ അക്ഷരത്തിലാണ് തുടക്കം) എന്നാൽ "സാത്താൻ" എന്ന വാക്ക് (ഇംഗ്ലീഷിൽ സംജ്ഞാനാമമായി "എസ്" വലിയ അക്ഷരത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്). ഉപയോഗത്തിലുള്ള വ്യത്യാസം അപ്രസക്തമാണ്. [40]കെജെവിയിലും, "ഡീമൺ" എന്നതിന് ഗ്രീക്ക് വാക്ക് തർജിമ ചെയ്തിരിക്കുന്നത്

(*ഡെയിമോനിയോ*) "ഡെവിൾ" ആയിട്ടാണ്, പിശാച് ഒന്നു മാത്രമുള്ളതുകൊണ്ട് അത് തെറ്റിദ്ധരിപ്പിക്കുന്നതാണ്. (എൻകെജെവിയിലും, ന്യു കിംജെയിംസ് വെർഷ നിലും, "ഡെവിൾസ്" എന്നതിനുപകരം "ഡീമൺസ്" എന്നാണ്.) ഡീമൺസ് പി ശാചിന്റെ സഹായികളാണ്.

[41]മെറിൽ സി. ടെനി, *പ്രൊക്ലെയിമിങ്ങ് ദ ന്യു ടെസ്റ്റമെന്റ്, ദ ബുക്ക് ഓഫ് റെവലേഷൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1963), 27, 63. [42]ക്രൂശ് നിമിത്തം, പിശാച് "സഹോദരന്മാരെ കുറ്റപ്പെടുത്തുന്നത്" പരിമിതപ്പെ ടുത്തിയതായി, നാം അടുത്ത പാഠത്തിൽ പഠിക്കും. [43]ആരംഭത്തിൽ, ഏതൊരു പ്ര തിയോഗിയേയും പറയുവാൻ ആ വാക്ക് ഉപയോഗിച്ചിരുന്നു. (ആ വാക്ക് ആരംഭ അർത്ഥത്തിൽ സംഖ്യാപുസ്തകം 22:22; 1 ശമുവേൽ 29:4; 1 രാജാക്കന്മാർ 5:4; 11:14, 23.) ക്രമേണ, അത് ചുരുക്കി വലിയ പ്രതിയോഗിക്ക് മാത്രം ഉപയോഗിക്കുന്ന സംജ്ഞാനാമമായി മാറി. [44]പാൽമർ, 188. [45]"റൂൾ" എന്ന വാക്കിന് ഗ്രീക്ക് തർജിമ ചെയ്തിരിക്കുന്ന വാക്കാണ് "ഷെപേർഡ്" എന്ന വാക്കിന് ഉപയോഗിച്ചിരിക്കുന്നത്. ഒരുപക്ഷെ ഇതിനെ കുറിച്ചുള്ള നല്ല വിവരണമാകാം സങ്കീർത്തനങ്ങൾ 23. ഇടയ ന്മാർ തങ്ങളുടെ നിയന്ത്രണത്തിലുള്ള ആടുകളോട് മൃദുലമായി ഇടപെടും, പക്ഷെ ആടുകളെ ഉപദ്രവിക്കുന്നവരോട് കരുണയില്ലാതിരിക്കുകയും ചെയ്യും. സ്പഷ്ടമാ യും, ഇരുമ്പുകോൽ ആടുകളെ ഉപദ്രവിക്കുന്നവരെ ശിക്ഷിക്കുന്നതിനാണ്. [46]11:18-ൽ മുൻപ് നാം സങ്കീർത്തനങ്ങൾ 2 ഉപയോഗിച്ചിട്ടുണ്ട്. [47]ആൽബർട്ടസ് പീറ്റേഴ്സ്, സ്റ്റഡീസ് ഇൻ ദ റെവലേഷൻ ഓഫ് സെന്റ്. ജോൺ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1954), 159. [48]വെളിപ്പാട് 12 ലെ യേശുവിന്റെ "ജനനം" ഭൗതികമല്ല, കിരീടധാരണമാണെന്നാണ് ചിലർ ധരിച്ചിരിക്കു ന്നത്. സങ്കീർത്തനങ്ങൾ 2; റോമർ 1:4 എന്നീ വേദഭാഗങ്ങളെ ആസ്പദമാക്കിയാണ് അവർ അങ്ങനെ വ്യാഖ്യാനിക്കുന്നത്. അത് വേദഭാഗത്തിന് ദോഷം ചെയ്യുന്നതല്ല, ശരിയായിരിക്കാം. എന്നാൽ ഭൗതികജനനമാണ് കൂടുതൽ സ്വാഭാവികമായ വ്യാഖ്യാ നം. [49]ക്രൂശിൽ നടക്കുന്ന ആത്മീയ പോരാട്ടത്തെ കുറിച്ച് നാം നമ്മുടെ അടുത്ത പാ ഠത്തിൽ ചർച്ച ചെയ്യും. [50]പീറ്റേഴ്സൺ, 120.

[51]ഷെല്ലി, 72. [52]വാരെൻ ഡബ്ലിയു. വിയേഴ്സ്ബേ, ദ ബൈബിൾ എക്സ്പൊ സിഷൻ കമെന്ററി, വാല്യം. 2 (വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1989), 602. കെജെവിയിൽ കോളനു പകരം സെമികോളനാണുള്ളത്. [53]ഗ്രീക്ക് പുസ്തകത്തിൽ അക്ഷരികമായി, "അവിടെ *അവർ* അവളെ പോറ്റേണ്ടതിന് എന്നാണ്" (എംഫസിസ് മൈൻ; കെജെവി നോക്കുക). "അവർ" ആരായിരുന്നു എന്ന് നമ്മോട് പറഞ്ഞിട്ടില്ല, "അവർ" സ്ത്രീയെ പോറ്റേണ്ടതിന് ദൈവം ആക്കിയവരായിരിക്കാം. [54]കൂടുതൽ വിവരങ്ങൾക്ക് അടുത്ത പാഠം നോക്കുക. [55]ഈ പുസ്തകത്തിൽ ആദ്യം വന്ന "നിങ്ങൾ അളക്കുന്നുവോ?", "ദൈവത്തിന്റെ സാക്ഷികൾ" എന്നീ പാഠങ്ങളിൽ "3 1/2" വർഷം വിവരിച്ചിരിക്കുന്നത് നോക്കുക. [56]ഈ പാഠം നിങ്ങൾ പ്രസംഗിക്കുകയാണെങ്കിൽ, അ-ക്രൈസ്തവരെയും പിന്മാറ്റത്തിലായ ക്രിസ്ത്യാനികളെയും കർത്താവിങ്കലേക്ക് മടങ്ങി വരുവാൻ പ്രബോ ധിപ്പിക്കുക. [57]വില്യം ഹെൻഡ്രിക്സൺ, മോർ ദാൻ കോൺകറേഴ്സ്, 7 ത് എഡി. (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1954), 165-70.

**ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ**

1. അദ്ധ്യായങ്ങൾ 12 മുതൽ 14 വരെ വിവരിച്ച ശത്രുക്കളെ അവലോ കനം ന ടത്തുക. അദ്ധ്യായം 12-ൽ അതേതാണ് പറഞ്ഞിരിക്കുന്നത്?

2. 12:1, 2 വായിക്കുമ്പോൾ, സ്ത്രീയെ കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു?
3. സ്ത്രീയെ തിരിച്ചറിയുവാൻ ചില സാധ്യതകൾ വ്യക്തമാക്കുക. അതിൽ നിങ്ങൾക്ക് ഇഷ്ടപ്പെട്ടതേത്?
4. 12:3, 4 വായിക്കുമ്പോൾ, സർപ്പത്തെ കുറിച്ച് എന്ത് തോന്നുന്നു?
5. സർപ്പം ആരെയാണ് പ്രതിനിധീകരിക്കുന്നത്?
6. സർപ്പത്തെ കുറിച്ചുള്ള ഓരോ വിശദീകരണവും ആ ഭീകരശത്രുവിനെ കുറിച്ച് മൊത്തത്തിൽ എന്തു പ്രതീതിയാണുളവാക്കുന്നത്?
7. വാക്യം 9-ൽ ഉപയോഗിച്ച സർപ്പത്തിന്റെ പേരുകളും അതിനെക്കുറിച്ചു ള്ള പ്രയോഗങ്ങളും വ്യക്തമാക്കുക - ഓരോന്നിന്റേയും അർത്ഥവും പറയുക. അവ ഓരോന്നും പിശാചിന്റെ സ്വഭാവത്തേയും പ്രവൃത്തിയേയും എന്തു പറയുന്നു?
8. പിശാചിനെ വിലകുറച്ചു കാണുന്നത് അപകടമാകുന്നതെങ്ങനെ? പിശാചിന് കണക്കിലേറെ വിലകൊടുക്കുന്നത് അപകടമാകുന്നതെങ്ങനെ?
9. വാക്യം 5 ലെ ആൺകുട്ടി ആരാണ്?
10. സർപ്പത്തിന് കുട്ടിയെ തിന്നുവാൻ കഴിയാതിരുന്നതെന്തുകൊണ്ട്?
11. "കുട്ടി ദൈവത്തിലേക്കും അവന്റെ സിംഹാസനത്തിലേക്കും എടുക്കപ്പെട്ടു" എന്നത് ഏത് ബൈബിൾ സംഭവത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്?



ചുവന്ന സർപ്പത്തിനെതിരായ സ്ത്രീയും കുട്ടിയും (12:1–4)